**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3679** **02-03-2023 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക് ഇരുചക്ര വാഹനങ്ങൾക്ക് ഇൻഷ്വറൻസും ഹെൽമെറ്റും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇൻഷ്വറൻസ് ആവശ്യമില്ലാത്ത വാഹനങ്ങൾ ഏതൊക്കെയെന്ന് അറിയിക്കാമോ; | (എ) | കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ 146-ാം വകുപ്പ് പ്രകാരം കേന്ദ്ര- സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, ലോക്കൽ അതോറിറ്റി, സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർ ടേക്കിംഗ് (കെ.എസ്.ആർ.ടി.സി.) എന്നിവയുടെ പേരിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന വാഹനങ്ങളെ, അവയ്ക്ക് ഇൻഷ്വറൻസുമായി ബന്ധപ്പെട്ട് പ്രത്യേക ഫണ്ട് കേന്ദ്ര-സംസ്ഥാന സർക്കാർ ഉത്തരവുകളുടേയും നിബന്ധനകളുടേയും അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുണ്ടെങ്കിൽ, ഇൻഷ്വറൻസ് എടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 1989 –ലെ കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ ചട്ടം 202 അനുസരിച്ച് ഒരു ഇലക്ട്രിക് വാഹനത്തിന്റെ ബാറ്ററി പവർ 0.25 കിലോ വാട്ടിനു താഴെയും പരമാവധി വേഗത 25 km/hr-ന് താഴെയുമാണെങ്കിൽ പ്രസ്തുത വാഹനങ്ങളെ മോട്ടോർ വാഹനം എന്ന നിർവചനത്തിൽ നിന്നും ഒഴിവാക്കുകയും ഇത്തരം വാഹനങ്ങൾക്ക് രജിസ്ട്രേഷൻ, ഹെൽമറ്റ്, ഇൻഷ്വറൻസ് എന്നി നിബന്ധനകൾ ഒഴിവാക്കി നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ആദ്യകാലഘട്ടത്തിലെ ഇലക്ട്രിക് ഇരുചക്ര വാഹനങ്ങളിൽ നിന്ന് വ്യത്യസ്തമായി കൂടിയ പവറും വേഗതയും കൈവരിക്കാൻ സാധിക്കുന്ന തരത്തിലുള്ള ഇലക്ട്രിക് വാഹനങ്ങൾക്ക് ഇൻഷ്വറൻസ്, ഹെൽമെറ്റ് എന്നിവ ഒഴിവാക്കുന്നതിലുള്ള സാംഗത്യം അറിയിക്കാമോ; | (ബി) | പവറും വേഗതയും കൂടിയ ഇലക്ട്രിക് വാഹനങ്ങൾക്ക് ഇൻഷ്വറൻസ്, ഹെൽമെറ്റ് എന്നിവ ഒഴിവാക്കിയിട്ടില്ല. നിലവിൽ ഒരു ഇലക്ട്രിക് വാഹനത്തിന്റെ ബാറ്ററി പവർ 0.25 കിലോ വാട്ടിൽ കൂടുതലും പരമാവധി വേഗത 25 km/hr-ൽ കൂടുതലും ആണെങ്കിൽ അത്തരം വാഹനങ്ങൾക്ക് അംഗീകാരം കൊടുക്കുകയും ആയതിന് രജിസ്ട്രേഷൻ, ഇൻഷ്വറൻസ്, ഹെൽമറ്റ് മുതലായവ നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്. 1989 –ലെ കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ ചട്ടം 202 അനുസരിച്ച് ബാറ്ററി പവർ 0.25 കിലോ വാട്ടിനു |

| | | | |
|---|---|---|---|
| | | | താഴെയും പരമാവധി വേഗത 25 km/hr-ന് താഴെയും ഉള്ള ഒരു ഇലക്ട്രിക് വാഹനം, മോട്ടോർ വാഹനം എന്ന നിർവചനത്തിൽ ഉൾപ്പെടില്ല. ഇൻഷുറൻസ് ബാധകമല്ലാത്ത ഇത്തരം ഇലക്ട്രിക് വാഹനങ്ങൾ മൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കും പരിക്കുകൾക്കും ജീവഹാനിക്കും നഷ്ടപരിഹാരം ലഭിക്കാൻ നിലവിൽ മോട്ടോർ വാഹന നിയമത്തിൽ വ്യവസ്ഥകൾ ഇല്ല. പ്രസ്തുത ചട്ടങ്ങൾ രൂപീകരിക്കുന്നത് കേന്ദ്ര സർക്കാർ തലത്തിലാണ്. |
| (സി) | പ്രസ്തുത വാഹനങ്ങൾ അപകടത്തിൽപ്പെടുമ്പോൾ ഇലക്ട്രിക് അല്ലാത്ത ഇരുചക്ര വാഹനങ്ങൾ മൂലമുണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങളും ഉണ്ടാകുമെന്നതിനാൽ ഹെൽമെറ്റ്, ഇൻഷുറൻസ് എന്നിവ ഒഴിവാക്കുന്ന നടപടി പുനപരിശോധിക്കുമോ; | (സി) | പവറും വേഗതയും കൂടിയ ഇലക്ട്രിക് വാഹനങ്ങൾക്ക് ഇൻഷുറൻസ്, ഹെൽമെറ്റ് എന്നിവ ഒഴിവാക്കിയിട്ടില്ല. നിലവിൽ ഒരു ഇലക്ട്രിക് വാഹനത്തിന്റെ ബാറ്ററി പവർ 0.25 കിലോ വാട്ടിൽ കൂടുതലും പരമാവധി വേഗത 25 km/hr-ൽ കൂടുതലും ആണെങ്കിൽ അത്തരം വാഹനങ്ങൾക്ക് അംഗീകാരം കൊടുക്കുകയും ആയതിന് രജിസ്ട്രേഷൻ, ഇൻഷുറൻസ്, ഹെൽമറ്റ് മുതലായവ നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്. 1989 –ലെ കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ ചട്ടം 202 അനുസരിച്ച് ബാറ്ററി പവർ 0.25 കിലോ വാട്ടിനു താഴെയും പരമാവധി വേഗത 25 km/hr-ന് താഴെയും ഉള്ള ഒരു ഇലക്ട്രിക് വാഹനം, മോട്ടോർ വാഹനം എന്ന നിർവചനത്തിൽ ഉൾപ്പെടില്ല. ഇൻഷുറൻസ് ബാധകമല്ലാത്ത ഇത്തരം ഇലക്ട്രിക് വാഹനങ്ങൾ മൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കും പരിക്കുകൾക്കും ജീവഹാനിക്കും നഷ്ടപരിഹാരം ലഭിക്കാൻ നിലവിൽ മോട്ടോർ വാഹന നിയമത്തിൽ വ്യവസ്ഥകൾ ഇല്ല. പ്രസ്തുത ചട്ടങ്ങൾ രൂപീകരിക്കുന്നത് കേന്ദ്ര സർക്കാർ തലത്തിലാണ്. |
| (ഡി) | ഇൻഷുറൻസ് ഇല്ലാത്ത ഇത്തരം വാഹനങ്ങൾ മൂലം കാൽനടയാത്രക്കാർക്കുണ്ടാകുന്ന പരിക്കുകൾക്കും ജീവഹാനിക്കും നഷ്ടപരിഹാരം ലഭിക്കാത്ത സാഹചര്യത്തിന് പരിഹാരമുണ്ടാക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) | പവറും വേഗതയും കൂടിയ ഇലക്ട്രിക് വാഹനങ്ങൾക്ക് ഇൻഷുറൻസ്, ഹെൽമെറ്റ് എന്നിവ ഒഴിവാക്കിയിട്ടില്ല. നിലവിൽ ഒരു ഇലക്ട്രിക് വാഹനത്തിന്റെ ബാറ്ററി പവർ 0.25 കിലോ വാട്ടിൽ കൂടുതലും പരമാവധി വേഗത 25 km/hr-ൽ കൂടുതലും ആണെങ്കിൽ അത്തരം വാഹനങ്ങൾക്ക് അംഗീകാരം കൊടുക്കുകയും ആയതിന് രജിസ്ട്രേഷൻ, ഇൻഷുറൻസ്, ഹെൽമറ്റ് മുതലായവ നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്. 1989 –ലെ കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ ചട്ടം 202 അനുസരിച്ച് ബാറ്ററി പവർ 0.25 കിലോ വാട്ടിനു താഴെയും പരമാവധി വേഗത 25 km/hr-ന് താഴെയും ഉള്ള ഒരു ഇലക്ട്രിക് വാഹനം, മോട്ടോർ വാഹനം എന്ന നിർവചനത്തിൽ ഉൾപ്പെടില്ല. ഇൻഷുറൻസ് ബാധകമല്ലാത്ത ഇത്തരം ഇലക്ട്രിക് വാഹനങ്ങൾ മൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കും |

| | | | |
|---|---|---|---|
| | | | പരിക്കുകൾക്കും ജീവഹാനിക്കും നഷ്ടപരിഹാരം ലഭിക്കാൻ നിലവിൽ മോട്ടോർ വാഹന നിയമത്തിൽ വ്യവസ്ഥകൾ ഇല്ല. പ്രസ്തുത ചട്ടങ്ങൾ രൂപീകരിക്കുന്നത് കേന്ദ്ര സർക്കാർ തലത്തിലാണ്. |

സെക്ഷൻ ഓഫീസർ